നം. സിഇഇ/938/2010/റ്റിഎ1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

## പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്./ബി.ഡി.എസ്. കോഴ്സ് പ്രവേശനത്തിനുള്ള പ്രത്യേക അലോട്ടുമെന്റ് 2010

2010 ലെ മെഡിക്കൽ പ്രവേശന പരീക്ഷയുടെ റാങ്ക് ലിസ്റ്റിലും, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കാറ്റഗറി ലിസ്റ്റിലും ഉൾപ്പെട്ടിട്ടുള്ളതും, എന്നാൽ പ്രവേശന പരീക്ഷയിൽ മെഡിക്കൽ/ബി.ഡി.എസ്. കോഴ്സുകളുടെ പ്രവേശനത്തിനുള്ള നിശ്ചിത യോഗ്യത (40% മാർക്ക്) ലഭിക്കാത്തതുമായ വിദ്യാർത്ഥികൾക്കായി **2010 ജൂലൈ 25-ാം തീയതി (ഞായറാഴ്ച) കോഴിക്കോട്, മെഡിക്കൽ കോളേജ് കാമ്പസ് എച്ച്.എസ്.എസ്** - ൽ വച്ച് നടത്തിയ പ്രത്യേക പ്രവേശന പരീക്ഷയുടെ താത്ക്കാലിക റാങ്ക് ലിസ്റ്റ് **www.cee-kerala.org** എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**കേന്ദ്രീകൃത അലോട്ട്മെന്റ്** : പ്രവേശന പരീക്ഷയിൽ കുറഞ്ഞത് 40% മാർക്ക് നേടിയ വിദ്യാർത്ഥികളെയാണ് താത്ക്കാലിക റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ലിസ്റ്റിൽ 40% മാർക്ക് കരസ്ഥമാക്കിയിട്ടുള്ള, ആദ്യത്തെ **40** റാങ്ക് വരെയുള്ള വിദ്യാർത്ഥികൾ, യോഗ്യതാ പരീക്ഷയിൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങൾക്ക് മൊത്തമായി കുറഞ്ഞത് 40% മാർക്കും ലഭിച്ചിട്ടുള്ളപക്ഷം, **17.09.2010 (വെള്ളിയാഴ്ച) രാവിലെ 11.30 ന് തിരുവനന്തപുരത്ത് പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ** വച്ച് നടത്തുന്ന MBBS/BDS കോഴ്സിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റിന് ഹാജരാകേണ്ടതാണ്. നിലവിൽ MBBS ന് **18** സീറ്റും BDS ന് **9** സീറ്റും ലഭ്യമാണ്.

**താഴെ പറയുന്ന ഒറിജിനൽ രേഖകൾ അലോട്ട്മെന്റ് സമയത്ത് കൊണ്ടുവരേണ്ടതാണ് :**

(1) പ്രത്യേക പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡ്.

(2) ജനനതീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്/എസ്.എസ്.എൽ.സി. അറ്റസ്റ്റഡ് കോപ്പി.

(3) യോഗ്യതാ പരീക്ഷയുടെ ഒറിജിനൽ മാർക്ക് ലിസ്റ്റ്/അറ്റസ്റ്റഡ് മാർക്ക് ലിസ്റ്റ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
04.09.2010